# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 AM** **DATE:04.04.2025**

## പ്രധാനവാർത്തകൾ

1.) ആറാമത് ബിംസ്റ്റക് ഉച്ചകോടിക്ക് തായ്ലാൻഡിൽ തുടക്കം; അംഗരാജ്യങ്ങൾ തമ്മിൽ സഹകരണം ഉറപ്പാക്കാൻ ബിംസ്റ്റെക്ക് കൂട്ടായ്മ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2.) വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു; രാജ്യസഭയിൽ നടപടികൾ തടസ്സപ്പെട്ടു.

3.) വഖഫ് ഭേദഗതി ബിൽ സംബന്ധിച്ച് കേരളത്തിലെ എം.പി മാർ ഉന്നയിച്ച ആശങ്കകൾ അടിസ്ഥാനരഹിതമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

4.) ആശാ പ്രവർത്തകരുടെ അനിശ്ചികാല നിരാഹാര സമരം 16-ാം ദിവസത്തിലേക്ക്; ആശമാരുമായി ഇന്ന് ചർച്ചയില്ല.

5.) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് - മുംബൈ ഇന്ത്യൻസ് പോരാട്ടം.

6.) യു.എസിന്റെ പകര ചുങ്ക പ്രഖ്യാപനത്തിന് പിന്നാലെ ഓഹരി വിപണികളിൽ ഇടിവ്.

RNU TVPM

*************************************************************

## പി.എം-ബിംസ്റ്റക് ഉച്ചകോടി

തായ്ലാൻഡിൽ നടക്കുന്ന ആറാമത് ബിംസ്റ്റക് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കുന്നു. അംഗരാജ്യങ്ങൾ തമ്മിൽ സഹകരണം ഉറപ്പാക്കാൻ ബിംസ്റ്റെക്ക് കൂട്ടായ്മ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. തായ്ലാൻഡ് പ്രധാനമന്ത്രിയുമായി ശ്രീ മോദി ഇന്നലെ ഉഭയകക്ഷി ചർച്ച നടത്തിയിരുന്നു. വിവിധ മേഖലകളിലെ സഹകരണത്തിന് ഇന്ത്യയും തായ്‌ലൻഡും ഇന്നലെ ആറ് കരാറുകളിൽ ഒപ്പുവച്ചു. ബിംസ്റ്റെക് ഉച്ചകോടിക്ക് ശേഷം പ്രധാനമന്ത്രി ഇന്ന് ശ്രീലങ്കയിലേക്ക് തിരിക്കും.

*******************************************************

RNU TVPM

## പാർലമെന്റ്

വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു. ഇന്ത്യയ്ക്ക് മേൽ അമേരിക്ക ഏർപ്പെടുത്തിയ താരിഫ് വിഷയത്തിൽ പ്രതിപക്ഷ ബഹളത്തെ തുടർന്നാണ് ലോക്സഭ പ്രക്ഷുബ്ധമായത്. വഖഫ് വിഷയവും സഭയിൽ ഉയർന്നു. പശ്ചിമ ബംഗാളിലെ അധ്യാപക നിയമന വിഷയത്തിൽ ട്രഷറി ബെഞ്ച് അംഗങ്ങളുടെ ബഹളത്തെ തുടർന്ന് രാജ്യസഭ ഉച്ചയ്ക്ക് ഒരു മണി വരെ നിർത്തിവച്ചിരിക്കുകയാണ്.

*******************************************************

## പ്രധാനമന്ത്രി -വഖഫ്

പാർലമെൻറ് പാസാക്കിയ വഖഫ് ഭേദഗതി ബിൽ സാമൂഹിക-സാമ്പത്തിക നീതി, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം എന്നിവ ഉറപ്പു വരുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സുതാര്യത ഉറപ്പാക്കാനും ജനങ്ങളുടെ അവകാശങ്ങൾ

സംരക്ഷിക്കാനും ബിൽ വഴിയൊരുക്കുമെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ പറഞ്ഞു. രാജ്യസഭയിൽ 95 നെതിരെ 128 അംഗങ്ങളുടെ പിന്തുണയോടെയാണ് ഇന്നലെ വഖഫ് ഭേദഗതി ബിൽ പാസായത്.

**************************************************************************

## സുരേഷ്ഗോപി- വഖഫ്

വഖഫ് നിയമ ഭേദഗതികൾ മുനമ്പത്തെ

ജനങ്ങൾക്ക് പ്രയോജനപ്പെടുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. കേരളത്തിലെ എം.പി മാർ ഉന്നയിച്ച ആശങ്കകൾ അടിസ്ഥാനരഹിതമാണെന്നും കൊച്ചി വിമാനത്താവളത്തിൽ അദ്ദേഹം മാധ്യമപ്രവർത്തകരോട് പറഞ്ഞു.

RNUTVPM

**************************************************************************

## രാജീവ് ചന്ദ്രശേഖർ

വഖഫ് നിയമഭേദഗതി ബിൽ പാർലമെൻറ് പാസാക്കിയത് സംസ്ഥാന രാഷ്ട്രീയത്തിലെ സുപ്രധാന നിമിഷമായി കണക്കാക്കണമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ കൈവിട്ടപ്പോഴും, ബിൽ പാർലമെൻറിൽ പാസാക്കി

എടുക്കാനുള്ള ശക്തി ജനങ്ങളുടെ നേതൃത്വത്തിലുള്ള മുനമ്പത്തെ സമരത്തിന് ഉണ്ടായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. മുനമ്പത്തെ സമരപ്പന്തലിൽ എൻ ഡി എ നേതാവ് തുഷാർ വെള്ളാപ്പള്ളിക്ക് ഒപ്പം സമരക്കാരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

*********************************************************

## ആശാവർക്കർമാരുടെ സമരം

സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്യുന്ന ആശാ പ്രവർത്തകരുമായി സംസ്ഥാന സർക്കാർ ഇന്ന് ചർച്ച നടത്തില്ല. പ്രശ്നം പഠിക്കുന്നതിനായി കമ്മീഷനെ നിയോഗിക്കുന്നത് സംബന്ധിച്ച് ആശമാരോട് അഭിപ്രായം തേടിയിട്ടുണ്ടെന്ന് ആരോഗ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു. അതെസമയം, ആശാ പ്രവർത്തകർ സെക്രട്ടറിയേറ്റിനു മുന്നിൽ നടത്തുന്ന രാപകൽ സമരം 54-ാാം ദിവസത്തിലേയ്ക്കും അനിശ്ചികാല നിരാഹാര സമരം 16 ആം ദിവസത്തിലേക്കും കടന്നു.

RNUTVPM

*********************************************************

## മുഖ്യമന്ത്രി-വീണാ വിജയൻ

CMRL കേസിൽ മുഖ്യമന്ത്രിയുടെ മകൾ വീണാ വിജയനെ സീരിയസ് ഫ്രോഡ് ഇൻവസ്റ്റിഗേഷൻ ഓഫീസ് പ്രതി ചേർത്ത സാഹചര്യത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉടൻ രാജി വയ്ക്കണമന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. കേസ് രാഷ്ട്രീയ അജണ്ട അല്ലെന്നും അദ്ദേഹം പറഞ്ഞു. വീണാ വിജയനെതിരെയുള്ള നടപടി
ഗൂഢാലോചനയാണെന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പ്രതികരിച്ചു. മുഖ്യമന്ത്രിയുടെ രാജി

ആവശ്യപ്പെട്ട് കണ്ണൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഇന്ന് വൈകിട്ട് ബി ജെ പിയുടെ പ്രതിഷേധ പ്രകടനം സംഘടിപ്പിക്കും.

*****************************************************

## വയനാട് -സമ്മതപത്രം

വയനാട് ചൂരൽമല-മുണ്ടക്കൈ ദുരന്തബാധിതരുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നിർമിക്കുന്ന ടൗൺഷിപ്പിലേക്ക് സമ്മതപത്രം കൈമാറാനുള്ളത് നാലുപേർ മാത്രം. രണ്ടാംഘട്ട 2- എ, 2- ബിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് സമ്മതപത്രം നൽകുന്നതിനുള്ള അവസാന ദിവസമായ ഇന്നലെ 20 പേരാണ് സമ്മതപത്രം കൈമാറിയത്. ഒന്നാംഘട്ട ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ട 242 പേർ സമ്മതപത്രം നൽകിയിരുന്നു.

RNU TVPM

*****************************************************

## അമ്മമാരുടെ കൂട്ടായ്മ-കണ്ണൂർ (ഇൻട്രോ)

ലഹരിക്കെതിരെ പടവെട്ടാൻ ഇനി അമ്മമാരുടെ കൂട്ടായ്മയും. മദേഴ്സ് ആർമി എന്ന പേരിൽ കണ്ണൂരിൽ അമ്മമാരുടെ കൂട്ടായ്മ സജ്ജമാകുകയാണ്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ......**

(വോയിസ്)

*****************************************************

## എൻ.ഐ.എ-മലപ്പുറം

മലപ്പുറം മഞ്ചേരിയിൽ എസ് ഡി പിഐ പ്രവർത്തകരുടെ വീടുകളിൽ എൻഐഎ പരിശോധന. പാലക്കാട് ശ്രീനിവാസൻ വധകേസുമായി ബന്ധപ്പെട്ട് നാല് പേരെ കസ്റ്റഡിയിൽ എടുത്തു. മഞ്ചേരി പയ്യനാട് RSS പ്രവർത്തകൻ അർജുനെ ആക്രമിച്ച കേസിൽ പ്രതിയായ ഷംനാദിൻറെ വീട്ടിലും എൻഐഎ സംഘം പരിശോധന നടത്തി. പ്രതികളുടെ സാമ്പത്തിക ഇടപാടുകളും അന്വേഷിക്കുന്നുണ്ട്.

**************************************************

## യു.എസ് താരിഫ്

ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾക്ക് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പകരചുങ്കം പ്രഖ്യാപിച്ചതിന് പിന്നാലെ ആഗോള ഓഹരിവിപണികളിൽ ഇടിവ്. വിലക്കയറ്റത്തിന് കാരണമാകുന്ന പുതിയ പ്രഖ്യാപനങ്ങൾ അമേരിക്കയിലും വിദേശത്തും സാമ്പത്തിക വളർച്ചയെ ബാധിക്കുമെന്നാണ് വിലയിരുത്തൽ. യു.എസ് വിപണി മൂല്യത്തിൽ 2.7 ട്രില്യൺ ഡോളർ നഷ്ടം സംഭവിച്ചതായി വാൾ സ്ട്രീറ്റ് ജേണൽ റിപ്പോർട്ട് ചെയ്തു.

PNU TVPM

**************************************************

## ഓഹരി-സ്വർണം

യുഎസിൻറെ താരിഫ് പ്രഖ്യാപനത്തെ തുടർന്ന് ഇന്ത്യൻ ഓഹരി സൂചികകളിലും നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 786 പോയിന്റ്

നഷ്ടത്തിൽ 75,508 ലും നിഫ്റ്റി 282 പോയിന്റ് ഇടിഞ്ഞ് 22,958 ലും വ്യാപാരം തുടരുകയാണ്. അതെസമയം, സ്വർണവില കുത്തനെ കുറഞ്ഞു. ഗ്രാമിന് 160 രൂപ കുറഞ്ഞ് 8,400 രൂപയും പവന് 1,280 രൂപ കുറഞ്ഞ് 67,200 രൂപയുമാണ് ഇന്നത്തെ വില.

***************************************************

## ഐ.പി.എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ ലഖ്നൗ സൂപ്പർ ജയന്റ്സും മുംബൈ ഇന്ത്യൻസും ഏറ്റുമുട്ടും. ഇന്നലെ നടന്ന മത്സരത്തിൽ

കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, സൺറൈസേഴ്സ് ഹൈദരാബാദിനെ 80 റൺസിന് പരാജയപ്പെടുത്തി.

RNU TVPM

***************************************************

## ഇടുക്കി -ഇൻട്രോ

കേരളത്തിലെ ഏറ്റവും ചെറിയ ദേശീയോദ്യാനമായ ഇടുക്കി പാമ്പാടുംചോല ചുട്ടുപൊള്ളുന്ന വെയിലിലും കുളിരുള്ള കാഴ്ച്കളും കാലാവസ്ഥയുമാണ് സന്ദർശകർക്ക് സമ്മാനിക്കുന്നത്. വൈവിധ്യമാർന്ന മരങ്ങളും കാട്ട്ചെടികളും ജീവജാലങ്ങളും ചോലകളുടെ കാഴ്ചവസന്തവും സഞ്ചാരികൾക്ക് നൽകുന്നത് നനുത്ത അനുഭവമാണ്.

ഇടുക്കിയിൽ നിന്നും ആകാശവാണി പ്രതിനിധി **രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.**

**(ഹോൾഡ് വോയ്സ്.........)**

*************************************************

## മാലിന്യമുക്തം-കൽപ്പറ്റ

മാലിന്യമുക്ത നവകേരളം ക്യാമ്പയിൻറെ ഭാഗമായി കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സമ്പൂർണ്ണ ശുചിത്വ ബ്ലോക്ക് പഞ്ചായത്തായി പ്രഖ്യാപിച്ചു. വൈത്തിരി ഗ്രാമപഞ്ചായത്തിനെ മികച്ച ഗ്രാമപഞ്ചായത്തായും തെരഞ്ഞെടുത്തു. വിവിധ മേഖലകളിൽ മാതൃകാപരമായ പ്രകടനം നടത്തിയവരെ യോഗത്തിൽ അഭിനന്ദിച്ചു.

*************************************************

## കണ്ണൂർ - ഹരിത ശുചിത്വ ജില്ല

കണ്ണൂരിനെ ഹരിത ശുചിത്വ ജില്ലയായി മാറ്റുന്നതിൻറെ പ്രഖ്യാപനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നാളെ നിർവഹിക്കും. ഒക്ടോബർ രണ്ട് മുതൽ സംസ്ഥാനത്ത് ആരംഭിച്ച മാലിന്യ മുക്ത നവകേരളം ജനകീയ ക്യാമ്പയിനെ തുടർന്നാണ് കണ്ണൂരിനെ ഹരിത ശുചിത്വ ജില്ലയായി പ്രഖ്യാപിക്കുന്നത്.

RNU TVPM

*************************************************

## വിപ്ലവ ഗാന വിവാദം

കൊല്ലം കടയ്ക്കൽ ദേവീക്ഷേത്രത്തിലെ വിപ്ലവഗാന വിവാദത്തിൽ ഗായകൻ അലോഷി ഉൾപ്പടെ മൂന്ന് പേർക്കെതിരെ കേസെടുത്തു. അലോഷി ഒന്നാം പ്രതിയും, രണ്ട് ഉപദേശകസമിതി അംഗങ്ങളെ രണ്ടും മൂന്നും പ്രതികളുമാക്കിയാണ് കടയ്ക്കൽ പോലീസ് കേസെടുത്തത്. സംഭവത്തിൽ ഇന്നലെ ക്ഷേത്ര ഉപദേശകസമിതിക്കും, കടയ്ക്കൽ

പോലീസിനുമെതിരെ ഹൈക്കോടതി രൂക്ഷവിമർശനം നടത്തിയതിന് പിന്നാലെയാണ് പോലീസ് കേസെടുത്തത്.

**********************************************************

## മനോജ് കുമാർ- അന്തരിച്ചു

മുതിർന്ന നടനും സംവിധായകനുമായ മനോജ് കുമാർ മുംബൈയിൽ അന്തരിച്ചു. 87 വയസ്സായിരുന്നു. ഇന്ത്യൻ സിനിമയ്ക്ക് നൽകിയ സമഗ്ര സംഭാവനകൾക്ക് പത്മശ്രീ, ദാദാസാഹിബ് ഫാൽക്കെ അവാർഡ് എന്നിവ നൽകി രാജ്യം ആദരിച്ചിട്ടുണ്ട്. ദേശസ്നേഹം നിറഞ്ഞ നിരവധി കഥാപാത്രങ്ങൾ അവതരിപ്പിച്ചതിലൂടെ 'ഭാരത് കുമാർ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. മനോജ് കുമാറിന്റെ നിര്യാണത്തിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ അനുശോചിച്ചു.

**********************************************************

RNU TVPM

## ഉണ്ണിയനുജൻ രാജ

കോഴിക്കോട് ടൗൺഹാളിൽ പൊതുദർശനത്തിന് വെച്ചിരിക്കുന്ന കോഴിക്കോട് സാമൂതിരി കെ സി ഉണ്ണിയനുജൻ രാജയുടെ ഭൗതികദേഹത്തിൽ അന്തിമോപചാരം അർപ്പിച്ച് നിരവധി പേർ. കോട്ടക്കൽ കിഴക്കേ കോവിലകം ശ്മശാനത്തിൽ ഉച്ചയ്ക്ക് രണ്ടുമണിക്ക് സംസ്കാരകർമ്മങ്ങൾ നടക്കും. വാർദ്ധക്യസഹജമായ അസുഖത്തെ തുടർന്ന് കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ഇന്നലെയായിരുന്നു അദ്ദേഹത്തിൻറെ അന്ത്യം.

**********************************************************

## കോട്ടയം പിടിസി നിയമനം

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ എടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് prasarbharati.gov.in/pbvacancies എന്ന വെബ് സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മേയ് 30. വിശദവിവരങ്ങൾക്ക് തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ 0471-2324983 എന്ന നമ്പറിൽ ബന്ധപ്പെടുക. Email id: airnewstvpm@gmail.com

***************************************************************************
***************************************************************************
************************************

RNU TVPM